ജില്ലാ എംപ്ലോയ്മെന്റ് ആഫീസർ ഇതു സംബന്ധിച്ച് കേരള സ്പോർട്സ് കൗൺസിൽ ആഫീസിൽ വന്ന് രേഖകൾ പരിശോധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഇ) ഇല്ല. വിജ്ഞാപനത്തിൽ കുറഞ്ഞ പ്രായപരിധി മാത്രമാണ് നിശ്ചയിച്ചിരുന്നത്.

(എഫ്)ഉണ്ട്. 1999 ജൂലൈ 23-ാം തീയതി കൂടിയ കേരള സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച സെലക്ഷൻ ലിസ്റ്റിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ജി) എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും മികവിന്റെ അടിസ്ഥാനത്തിലും സംവരണ തത്വം പാലിച്ചുമാണ് കോച്ചുകളെ തെരഞ്ഞെടുത്തിട്ടുള്ളത്.

സമഗ്ര തുറമുഖ വികസന പദ്ധതി

172 (1660)ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര തുറമുഖ വികസന പദ്ധതിയിൽ സംസ്ഥാനത്തെ ഏതൊക്കെ തുറമുഖങ്ങളെ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ആഴക്കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഈ ആവശ്യത്തിന് വേണ്ടി കൂടുതൽ ഡ്രഡ്ജർ വാങ്ങുന്നതിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) തുറമുഖവികസന പദ്ധതികൾക്ക് പരിസ്ഥിതി ക്ളിയറൻസ് നൽകാനുള്ള അധികാരം സംസ്ഥാനത്തിന് ലഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ വികസനത്തിന് സമഗ്ര തുറമുഖ വികസന പദ്ധതിയൊന്നും തന്നെ കേന്ദ്ര പദ്ധതിയിൽ നിലവിലില്ല.

(ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ആഴക്കുറവ് പരിഹരിക്കുന്നതിന് വേണ്ടി കാലാകാലങ്ങളിൽ ഡ്രഡ്ജിംഗ് നടത്തുന്നുണ്ട്.

(സി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ആഴക്കുറവ് പരിഹരിക്കുന്നതിനുവേണ്ടി ഡ്രഡ്ജറുകൾ വാങ്ങുന്നതിനായി കേന്ദ്ര സഹായം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്ര പദ്ധതിയൊന്നും നിലവിൽ ഇല്ലാതിരിക്കാൻ സഹായമൊന്നും ലഭിച്ചിട്ടില്ല.

(ഡി) സമ്മർദ്ദം ചെലുത്താവുന്നതാണ്.

തുറമുഖങ്ങളുടെ സംരക്ഷണം

173(1661)ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖങ്ങളുടെ സുരക്ഷക്ക് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ പര്യാപ്തമല്ല എന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) തുറമുഖങ്ങളുടെ സുരക്ഷയ്ക്കായി കോസ്റ്റ് ഗാർഡ്, കസ്റ്റംസ് എന്നിവയുടെ യൂണിറ്റ് വിഴിഞ്ഞം കേന്ദ്രമായി ആരംഭിയ്ക്കുവാൻ നേരത്തേ തീരുമാനിച്ചിരുന്നോ;

(ഇ) പ്രസ്തുത യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇല്ലെങ്കിൽ പ്രസ്തുത യൂണിറ്റ് ആരംഭിക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) വിഴിഞ്ഞം തീരത്ത് ദുരൂഹസാഹചര്യത്തിൽ വിദേശ കപ്പലുകൾ നങ്കൂരമിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇതിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഐ) സംശയാസ്പദ സാഹചര്യങ്ങളിൽ വിദേശ കപ്പലുകൾ തീരത്ത് പ്രത്യക്ഷപ്പെടുമ്പോൾ അവയുമായി ബന്ധപ്പെടുവാൻ ആവശ്യത്തിന് വാർത്താവിനിമയ സൗകര്യങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) ഇപ്പോൾ ഇതിനായി എന്തൊക്കെ സംവിധാനങ്ങൾ ഉണ്ട്;

(കെ) 1997 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ വിഴിഞ്ഞം തീരത്ത് രണ്ടു വിദേശ കപ്പലുകൾ പ്രത്യക്ഷപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എൽ) അന്ന് ആ കപ്പലുകൾ കോസ്റ്റ്ഗാർഡും കസ്റ്റംസും പരിശോധിച്ചിരുന്നോ;

(എം) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എൻ) ഇല്ലെങ്കിൽ അത് പരിശോധിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഒ) സംസ്ഥാനത്ത് തുറമുഖങ്ങളുടെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും വാർത്താ വിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ സ്ഥിരം സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly